**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1832** **11-10-2024 - ൽ മറുപടിയ്ക്ക്**

**തിരുവല്ല കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ, ഷോപ്പിംഗ് കോംപ്ലക്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | തിരുവല്ല കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിന്റെയും ഷോപ്പിംഗ് കോംപ്ലക്സിന്റെയും നിർമ്മാണം ആരംഭിക്കുന്നതിന് മുൻപ് ലഭ്യമായ അനുമതികളിൽ നിന്ന് എന്തൊക്കെ വ്യതിയാനങ്ങൾ വരുത്തിയാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | തിരുവല്ല ബസ് ടെർമിനൽ കോംപ്ലക്സ് രണ്ട് ബേസ്മെന്റ് നിലകളും ഗ്രൗണ്ട് ഫ്ലോറും ഉൾപ്പടെ 12 നിലകളായാണ് നിർമ്മാണം ആരംഭിച്ചപ്പോൾ ബിൽഡിംഗ് പെർമിറ്റ് ലഭിച്ചത്. എന്നാൽ തിരുവല്ല ബസ് ടെർമിനൽ കോംപ്ലക്സിന്റെ നിർമ്മാണം പുരോഗമിക്കവേ ബസ് സ്റ്റേഷനുകളിൽ മൾട്ടിപ്ലക്സ് തിയേറ്റർ ഉൾപ്പെടുത്താൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്ലാനിൽ മാറ്റം വരുത്തേണ്ടതായി വന്നു. |
| (ബി) | പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിന്റെ ഉദ്ഘാടനം എന്നാണ് നടത്തിയത്; വ്യക്തമാക്കാമോ; | (ബി) | ഉദ്ഘാടനം നടത്തിയത് 06.06.2015-നാണ്. |
| (സി) | അനുമതിപത്രത്തിൽ നിന്നും വരുത്തിയിട്ടുള്ള വ്യതിയാനങ്ങൾക്ക് അംഗീകാരം തേടി അപേക്ഷ സമർപ്പിച്ചത് എന്നാണ്; വ്യക്തമാക്കാമോ; | (സി) | 09.02.2015-ൽ തിരുവല്ല മുനിസിപ്പാലിറ്റിയിൽ ബിൽഡിംഗ് നമ്പരും ഡോർ നമ്പരും ലഭിക്കുവാൻ അപേക്ഷ സമർപ്പിച്ചു. |
| (ഡി) | ഉദ്ഘാടനം കഴിഞ്ഞാണ് കെട്ടിടത്തിന് നഗരസഭ നമ്പർ അനുവദിച്ച് കൊടുത്തത് എന്നതിന്റെ കാരണമെന്താണ്; വിശദമാക്കാമോ; | (ഡി) | 06.06.2015-ൽ തിരുവല്ല കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ് ഉദ്ഘാടനം ചെയ്ത് ബസ് ഓപ്പറേഷൻ പൂർണ്ണതോതിൽ തുടങ്ങിയിരുന്നു. എന്നാൽ ബസ് ടെർമിനൽ കോംപ്ലക്സിന്റെ ഫൈനൽ ഫയർ എൻ.ഒ.സി. ലഭിക്കാൻ കാലതാമസം നേരിട്ടതിനാൽ കെട്ടിട നമ്പർ തിരുവല്ല മുനിസിപ്പാലിറ്റിയിൽ നിന്നും ലഭിച്ചിരുന്നില്ല. Fire and Rescue Services Department-ന്റെ വിവിധ പരിശോധനാ ഘട്ടങ്ങളിൽ അവരുടെ നിർദ്ദേശപ്രകാരം 97,00,000/- രൂപയുടെ കൂടി Fire Fighting സംബന്ധമായ അധിക ജോലികൾ ചെയ്യേണ്ടി വന്ന മേൽ ജോലികൾ കൂടി ചെയ്യേണ്ടി വന്നത് കാലതാമസത്തിന് ഇടയാക്കി. 17.12.2018 തീയതിയിൽ Fire and Rescue Services Department-ൽ നിന്നും ഫൈനൽ Fire N.O.C. ലഭിക്കുകയും ആയത് കൂടി ഉൾപ്പെടുത്തി തിരുവല്ല മുനിസിപ്പാലിറ്റി സെക്രട്ടറിയ്ക്ക് 21.12.2018-ൽ വീണ്ടും അപേക്ഷ സമർപ്പിക്കുകയും ചെയ്തു ടി അപേക്ഷ |

<table>
<tr><td></td><td></td><td></td><td>പ്രകാരം തിരുവല്ല ബസ് ടെർമിനൽ കോംപ്ലക്സ് കെട്ടിടത്തിന് 22.02.2019-ൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റും കെട്ടിടനമ്പരും ലഭിക്കുകയും ചെയ്തു.</td></tr>
<tr><td>(ഇ)</td><td>ഓരോ നിലയിലും ഒഴിഞ്ഞ് കിടക്കുന്ന സ്ഥലം എത്രയാണ്; ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ;</td><td>(ഇ)</td><td>തിരുവല്ല ബസ് ടെർമിനൽ കോംപ്ലക്സിൽ 31/09/2024-ൽ ഒഴിഞ്ഞു കിടക്കുന്ന സ്ഥല വിവരങ്ങൾ ചുവടെ വിവരിക്കുന്നു.
<table>
<tr><td>ഒന്നാം നില</td><td>-</td><td>8124.64 sq.ft.</td></tr>
<tr><td>രണ്ടാം നില</td><td>-</td><td>9691.37 sq.ft.</td></tr>
<tr><td>മൂന്നാം നില</td><td>-</td><td>10630.04 sq.ft.</td></tr>
<tr><td>നാലാം നില</td><td>-</td><td>8076.97 sq.ft.</td></tr>
<tr><td>എട്ടാം നില</td><td>-</td><td>14268.21 sq.ft.</td></tr>
<tr><td>ആകെ</td><td>-</td><td>50791.23 sq.ft.</td></tr>
</table>
ദിന പത്രങ്ങളിൽ പരസ്യം ചെയ്ത് E-tender മുഖേനയും Auction cum tender മുഖേനയും 17 തവണ കോംപ്ലക്സ് വാടകക്ക് നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിരുന്നു. 07/06/2024-ൽ ആണ് Auction cum Tender അവസാനമായി നടത്തിയത്. കൂടാതെ Tender മുഖേന അല്ലാതെ ലഭിച്ച അപേക്ഷകൾ പ്രകാരം Board of Directors അംഗീകരിച്ച rock bottom rate-ന് space-കൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.</td></tr>
<tr><td>(എഫ്)</td><td>ബസ് യാർഡിലും ബസ് വേയിലും പൂട്ടുകട്ടകൾ ഇളകി കിടക്കുന്നതും കസേരകൾ ഉപയോഗശൂന്യമായതും പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വികരിക്കുമോ; വിശദമാക്കാമോ?</td><td>(എഫ്)</td><td>ബസ് യാർഡിലും ബസ് ബേയിലും പൂട്ടുകട്ടകൾ ഇളകി കിടക്കുന്ന അവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ട് വരുന്നു. ഇളകി കിടക്കുന്ന കസേരകൾ ഉറപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ